ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ കഴിയില്ല. എന്നാൽ 2010-11 വർഷത്തിൽ തീരമൈത്രി എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയിൽ നിന്ന് ഈ യൂണിറ്റുകളുടെ തുടർച്ചയ്ക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് വായ്പ

17 (*197) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി നടത്തിവന്ന ഉഭയകക്ഷി ചർച്ചകൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എന്ത് തുകയുടെ ലോക ബാങ്ക് വായ്പയാണ് ഇപ്രകാരം ലഭ്യമാക്കുക എന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ഇത്തരത്തിൽ ലഭിക്കുന്ന വായ്പ തുക വീതിച്ചു നൽകാൻ കഴിയുമോ ;

(ഡി) ഇപ്രകാരം ലഭ്യമാകുന്ന വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക് എന്നിവ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്.

(ബി) 200 ദശലക്ഷം ഡോളറിന്റെ വായ്പ ലഭ്യമാക്കാൻ സാമ്പത്തിക കാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എക്സ്പെന്റിച്ചർ വകുപ്പിന്റെ ഡെബിറ്റ് സസ്റ്റെയിനബിലിറ്റി ക്ലിയറൻസും പ്രതീക്ഷിക്കുന്നു.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പാ തുക വീതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. 25 വർഷം കൊണ്ട് 0.75% പലിശ നിരക്കിൽ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly